നഗരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

897 [1326] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിലെ ശുദ്ധ ജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണി എത്രമാത്രം പുരോഗമിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) അത് എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4/74-ൽ ആരംഭിച്ചു.

(ബി) ടാങ്കിന്റെ പണി തീർത്തു കഴിഞ്ഞു. കിണറിന്റെയും പൈപ്പു ലൈനിന്റെയും പണി 70% പൂർത്തിയായി.

(സി) 1987 സെപ്റ്റംബറിൽ ശുദ്ധജലവിതരണം തുടങ്ങാമെന്നുദ്ദേശിക്കുന്നു.

കരവാരം പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

898 [1328] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ;

(ബി) അത് എത്രമാത്രം പുരോഗമിച്ചു ;

(സി) പ്രസ്തുത പണി എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-5-1985-ൽ ആരംഭിച്ചു.

(ബി) പൈപ്പിടുന്ന ജോലി 60 ശതമാനവും കിണറിന്റെ പണി 75 ശതമാനവും വണ്ടിത്തടം ടാങ്കിന്റെ പണി 10 ശതമാനവും സബ് പമ്പ് ഹൗസ് എന്നിവ മുഴുവനും തീർന്നു. നടുംപറമ്പ് ടാങ്കിന്റെ സ്ഥലം ഇതുവരെയും കിട്ടിയിട്ടില്ല.

(സി) ആവശ്യത്തിന് ധനം ലഭിക്കുകയാണെങ്കിൽ 1967 ഡിസംബറിൽ ഈ പദ്ധതിയുടെ പണി പൂർത്തിയാകുമെന്ന് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly